IT @ School
DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

**IT@SCHOOL STATE PROJECT OFFICE**
(IT Project under Directorate of Public Instruction)
VICTERS
(The complete educational channel)
POOJAPPURA. P.O., THIRUVANANTHAPURAM - 12
Ph: 0471-2529800 Fax: 0471-2529810
E-mail: contact@itschool.gov.in, victers@itschool.gov.in
Website: www.itschool.gov.in, www.victers.itschool.gov.in

നം. ITS/2017/1515 (30) തീയതി : .24.07.2017

## സർക്കുലർ

വിഷയം :- **ഐടി@സ്കൂൾ പ്രോജക്ട് - ഹൈടെക് സ്കൂൾ പദ്ധതി - പൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്ന മണ്ഡലങ്ങളിൽ ഐ .ടി. ഓഡിറ്റ് ഒരിക്കൽകൂടി നടത്തുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

വായന :-
1. സ. ഉ. (സാധാ) നം. 3390/16 പൊ. വി. വ. തീയതി 14.10.2016.
2. ഐ.ടി.@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.10.2016 ലെ ITS/2016/10/1515(18) നമ്പർ സർക്കുലർ.
3. ഐ.ടി.@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.10.2016 ലെ ITS/2016/1515(22) നമ്പർ സർക്കുലർ.
4. ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.07.2017-ലെ ITS/2017/ 1515(26) നമ്പർ സർക്കുലർ.

സർക്കാർ, എയിഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സ്മുറികളും ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ പൈലറ്റ് പദ്ധതി നടപ്പിലാക്കി വരുകയാണ് . ITS/2017/1515(26) നമ്പർ സർക്കുലർ പ്രകാരം ഈ അധ്യയന വർഷം മേൽസൂചിപ്പിച്ച നാല് നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ മാസ്റ്റർ ട്രെയിനർമാരുടെ ഒരു ടീം ജൂലൈ 14 ന മുമ്പ് ഐടി ഓഡിറ്റ് പൂർത്തിയാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. അന്ന് സ്കൂൾ സന്ദർശനം നടത്തിയ അതേ മാസ്റ്റർ ട്രെയിനർമാർ തന്നെ ജൂലൈ 24, 25 തീയതികളിൽ പ്രസ്തുത സ്കൂളുകൾ വീണ്ടും സന്ദർശിക്കുകയും , ആദ്യത്തേതും ഇപ്പോഴത്തേതും ഓഡിറ്റ് റിപ്പോർട്ട് വിലയിരുത്തേണ്ടതാണ് . ഐടി ഓഡിറ്റ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

- വായന 4 പ്രകാരമുള്ള സർക്കുലറിലെ മറ്റ് വ്യവസ്ഥകൾ എല്ലാം ഈ ഓഡിറ്റിലും ബാധകമാണ്.
- **ഓരോ സ്കൂളിലേയും പ്രത്യേകമായ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി രണ്ട് മാസ്റ്റർ ട്രെയിനർമാരും ഒപ്പു വച്ച് ictsupport@itschool.gov.in എന്ന വിലാസത്തിലേക്ക് അയയ്ക്കേണ്ടതും പകർപ്പ് ജില്ലാ കോർഡിനേറ്റർമാർക്ക് നൽകേണ്ടതുമാണ്.**
- മണ്ഡലത്തിൽ പദ്ധതി നടപ്പാക്കുന്ന എല്ലാ സ്കൂളിലേയും ക്രോഡീകരിച്ച റിപ്പോർട്ട് അതത് ജില്ലാ കോർഡിനേറ്റർമാർ 2017 ജൂലൈ 27-ന മുമ്പ് contact@itschool.gov.in എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

1. എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
2. പൈലറ്റ് പദ്ധതി നടപ്പാക്കുന്ന ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ/ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി പ്രഥമാധ്യാപകർക്കും (ഐടി @ സ്കൂൾ ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം } അറിവിലേയ്ക്ക്
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
അക്കാഡമിക്/അക്കൗണ്ട്സ്/ഫിനാൻസ് വിഭാഗം
സ്റ്റോക്ക് ഫയൽ